**പതിനഞ്ചാം കേരള നിയമസഭ**

# മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023–2026)

**പന്ത്രണ്ടാമത് റിപ്പോർട്ട്**

(2026 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021–23)യുടെ ഒന്നാമത് റിപ്പോർട്ടിലെ (2022 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച പരാതികൾ/ വിഷയങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ജനറൽ റിപ്പോർട്ട്) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

**പതിനഞ്ചാം കേരള നിയമസഭ**

## മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

**പന്ത്രണ്ടാമത് റിപ്പോർട്ട്**

(2026 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-23)യുടെ ഒന്നാമത് റിപ്പോർട്ടിലെ (2022 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച പരാതികൾ/ വിഷയങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ജനറൽ റിപ്പോർട്ട്) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

# ഉള്ളടക്കം


| | | | |
|---|---|---|---|
| | | | പേജ് |
| സമിതിയുടെ ഘടന | | - | v |
| ആമുഖം | | - | vii |
| റിപ്പോർട്ട് | | – | 1 |
| ഭാഗം I | സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും | – | |
| ഭാഗം II | തുടർശിപാർശ | – | |
| അനുബന്ധം | | – | |

## സമിതിയുടെ ഘടന

**ചെയർപേഴ്സൺ :**

ശ്രീ. പി.പി. ചിത്തരഞ്ജൻ

**അംഗങ്ങൾ** :

ശ്രീ. എൻ.കെ. അക്ബർ

ശ്രീ. അനൂപ് ജേക്കബ്

ശ്രീമതി കാനത്തിൽ ജമീല*

ശ്രീ. കെ.ജെ. മാക്സി

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. എം. നൗഷാദ്

ശ്രീ. വി. ശശി

ശ്രീ. എം. വിൻസെന്റ്

**നിയമസഭാ സെക്രട്ടേറിയറ്റ്** :

ഡോ.എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. കെ.ജി. ത്രിദീപ്, അഡീഷണൽ സെക്രട്ടറി

ശ്രീമതി പ്രീത കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.ഷിഹാബുദീൻ എം., അണ്ടർ സെക്രട്ടറി

---

*2025 നവംബർ 29-ാം തീയതി അന്തരിച്ചു.

## ആമുഖം

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി(2023-2026)യുടെ ചെയർപേഴ്സൺ ആയ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി(2021-2023)യുടെ ഒന്നാമത് റിപ്പോർട്ട് (2022 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച പരാതികൾ/വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയത്) 2022 മാർച്ച് 16-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2026 ഫെബ്രുവരി 3-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2026 ഫെബ്രുവരി 5

പി.പി. ചിത്തരഞ്ജൻ,
ചെയർപേഴ്സൺ,
മത്സ്യത്തൊഴിലാളികളുടെയും
അനുബന്ധ തൊഴിലാളികളുടെയും
ക്ഷേമം സംബന്ധിച്ച സമിതി.

# റിപ്പോർട്ട്

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2021-2023) 2022 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച പരാതികൾ/ വിഷയങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ സമിതി (2021-23)യുടെ ഒന്നാമത് റിപ്പോർട്ട് 2022 മാർച്ച് 16-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. സമിതിയ്ക്ക് ലഭിച്ച പരാതികളുടെയും സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെയും ജില്ലാതല യോഗങ്ങളിൽ നടത്തിയ തെളിവെടുപ്പുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രസ്തുത റിപ്പോർട്ടിൽ 10 ശിപാർശകൾ ഉണ്ടായിരുന്നു. പ്രസ്തുത ശിപാർശകളിൻമേൽ നടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ പകർപ്പ് 6.2.2023-ൽ മത്സ്യബന്ധന തുറമുഖം, പൊതുവിദ്യാഭ്യാസം, ഭക്ഷ്യപൊതുവിതരണം, പാർലമെന്ററികാര്യം എന്നീ വകുപ്പുകൾക്ക് അയച്ചു കൊടുത്തിരുന്നു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും ശിപാർശകളിൻമേൽ മത്സ്യബന്ധന തുറമുഖം, ഭക്ഷ്യപൊതുവിതരണം എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടി റിപ്പോർട്ടുകളും ഉൾപ്പെടുത്തി തയ്യാറാക്കിയതാണ് ഈ ആക്ഷൻ ടേക്കൺ റിപ്പോർട്ട്. ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാമത്തെ ഭാഗത്തിൽ സമിതി (2021-23)യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി റിപ്പോർട്ടുകളും രണ്ടാമത്തെ ഭാഗത്തിൽ നടപടി റിപ്പോർട്ട് ലഭ്യമാക്കാത്ത തുടർ ശിപാർശയും ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത തുടർശിപാർശയിന്മേൽ അടിയന്തരമായി നടപടി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

മത്സ്യബന്ധന തുറമുഖ വകുപ്പുകളിൽ നിന്നും റിപ്പോർട്ടിനോടൊപ്പം ലഭ്യമായിട്ടുള്ള സർക്കാർ ഉത്തരവ് അനുബന്ധത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഭാഗം - I

| ക്രമ നം. | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 1. | സമിതിയുടെ പരിഗണനയുള്ള ചില പരാതികളിൽ ബന്ധപ്പെട്ട വകുപ്പുകൾ റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ അകാരണമായി വളരെയധികം കാലതാമസം വരുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ചെയ്യുന്നത് നിയമസഭാ സമിതിയോട് ചെയ്യുന്ന അവഹേളനമായി കണക്കാക്കി നടപടി സ്വീകരിക്കേണ്ടി വരുമെന്നതിനാൽ ആയത് ഒഴിവാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ ശ്രദ്ധിക്കേണ്ടതാണ്.<br>ഖണ്ഡിക 9(i) | മത്സ്യബന്ധന തുറമുഖ(പി.എസ്) വകുപ്പ് (19-10-2023-ലെ 111/പി.എസ്/2023/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>ഇക്കാര്യത്തിൽ എല്ലാ വകുപ്പ് തലവന്മാർക്കും വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>(11.01.2024-ലെ സമിതി യോഗം അംഗീകരിച്ചു) |
| 2. | സമിതിയുമായി ബന്ധപ്പെട്ടതും കാലതാമസം നേരിടുന്നതുമായ പരാതികളിന്മേൽ സമയ ബന്ധിതമായി തീർപ്പുണ്ടാക്കുന്നതിന് ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തേണ്ടതും പ്രസ്തുത നിയമന ഉത്തരവിന്റെ പകർപ്പ് സമിതിക്ക് ലഭ്യമാക്കേണ്ടതുമാണ്.<br>ഖണ്ഡിക 9(ii) | മത്സ്യബന്ധന തുറമുഖ(പി.എസ്) വകുപ്പ് (19-10-2023-ലെ111/പി.എസ്/2023/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>21.06.2023-ലെ സ.ഉ.(സാധാ) നം.484/2023/മതുവ പ്രകാരം സെക്രട്ടേറിയറ്റിലെ മത്സ്യബന്ധന തുറമുഖ വകുപ്പിലെ അണ്ടർ സെക്രട്ടറിയെയും, മൽസ്യബന്ധന ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ഡയറക്ടറേയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ സീനിയർ സൂപ്രണ്ടിനേയും നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.)<br>(11.01.2024-ലെ സമിതി യോഗം അംഗീകരിച്ചു) |
| 3. | മത്സ്യത്തൊഴിലാളി/അനുബന്ധ മേഖലകളിലെ തൊഴിലാളികളുടെ ക്ഷേമനിധി ബോർഡിൽ അർഹതപ്പെട്ടവർക്ക് അംഗത്വം ഉറപ്പാക്കുന്നതിനായി ഒരു | മത്സ്യബന്ധന തുറമുഖ(ബി) വകുപ്പ് (13-02-2024-ലെ ബി3/264/2023/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>അർഹരായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ |

| | | |
|---|---|---|
| | ബോധവത്ക്കരണ ക്യാമ്പയിൻ നടത്തുന്നതിനും പ്രസ്തുത ക്ഷേമനിധി ബോർഡിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരെ ഒഴിവാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുക.<br>ഖണ്ഡിക 9(iii) | തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകുന്നത് സംബന്ധിച്ച പ്രചാരണം 2022-23 വർഷത്തിൽ ഫിഷറീസ് ഓഫീസ് തലത്തിൽ നടത്തിയിരുന്നു. കൂടാതെ അർഹതപ്പെട്ടവർക്ക് അംഗത്വം ഉറപ്പാക്കുന്നതിനായി മത്സ്യബോർഡ് എല്ലാ ജില്ലകളിലും മത്സ്യത്തൊഴിലാളി സംഘടനാ പ്രതിനിധികൾക്ക് വേണ്ടി ബോധവത്കരണ ക്യാമ്പയിൻ നടത്തിയിരുന്നു.<br>മത്സ്യത്തൊഴിലാളി അനുബന്ധ തൊഴിലാളി പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ ഫിഷറീസ് ഓഫീസ് പരിധിയിലും രൂപീകരിച്ച ക്ഷേമ സമിതികളുടെ സഹായത്തോടു കൂടി ഫിഷറീസ് ഓഫീസ് പരിധിയിലെ മരണപ്പെട്ടവർ, പെൻഷണർ, മറ്റ് വിധത്തിൽ അനർഹരായവർ തുടങ്ങിയവരെ കണ്ടെത്തി പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>(14.08.2024-ലെ സമിതി യോഗം അംഗീകരിച്ചു) |
| 4. | മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരെ അപകട ഘട്ടങ്ങളിൽ രക്ഷിക്കുന്നതിന് കോടിക്കണക്കിന് രൂപ ചെലവഴിച്ച് പല സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവ അപകട സമയങ്ങളിൽ പ്രവർത്തിക്കുന്നില്ലായെന്ന ദുരവസ്ഥയാണ് പൊതുവെ കേരളത്തിൽ ഉള്ളതെന്നതിനാൽ രക്ഷാദൗത്യം ശക്തിപ്പെടുത്തുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുക.<br>ഖണ്ഡിക 9(v) | മത്സ്യബന്ധന തുറമുഖ(ബി) വകുപ്പ്<br>(13-02-2024-ലെ ബി3/264/2023/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>മത്സ്യബന്ധനത്തിനിടെ ഉണ്ടാകുന്ന അപകടങ്ങളിൽപ്പെട്ട് ഓരോ വർഷവും നിരവധി മത്സ്യത്തൊഴിലാളികൾ മരണപ്പെടുകയോ, കാണാതാകുകയോ, ഗുരുതരമായി പരിക്കേൽക്കുകയോ ചെയ്യുന്നുണ്ട്. അത്തരം സാഹചര്യങ്ങളിൽ അതിവേഗത്തിൽ രക്ഷാപ്രവർത്തനം നടത്താൻ കഴിയുന്ന സംവിധാനം മത്സ്യത്തൊഴിലാളികളുടെ ദീർഘകാലത്തെ ആവശ്യമായിരുന്നു. രക്ഷാപ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ദുരന്തമുഖത്തു വച്ച് തന്നെ പ്രാഥമിക ചികിത്സ ലഭ്യമാക്കി അതിവേഗം കരയിലെത്തിച്ച് ജീവൻ |

| | | |
|---|---|---|
| | | രക്ഷിക്കുന്നതിനുതകുന്ന മൂന്ന് മറൈൻ ആംബുലൻസുകൾ 18.24 കോടി രൂപ ചെലവഴിച്ച് സർക്കാർ സജ്ജമാക്കിയിട്ടുണ്ട്. പ്രതീക്ഷ, പ്രത്യാശ, കാരുണ്യ എന്നിങ്ങനെ നാമകരണം ചെയ്തിട്ടുള്ള മറൈൻ ആംബുലൻസുകൾ യഥാക്രമം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്നതിനായി സജ്ജീകരിച്ചിട്ടുണ്ട്. 23 മീറ്റർ നീളവും 5.5 മീറ്റർ വീതിയും 3 മീറ്റർ ആഴവുമുള്ള മറൈൻ ആംബുലൻസുകൾക്ക് അപകടത്തിൽപ്പെടുന്ന 10 പേരെ വരെ ഒരേ സമയം സുരക്ഷിതമായി കിടത്തി കരയിലെത്തിക്കാൻ സാധിക്കും. 700 എച്ച്.പി. വിതമുള്ള 2 സ്കാനിയ എൻജിനുകൾ ഘടിപ്പിച്ചിട്ടുള്ള ആംബുലൻസുകൾക്ക് പരമാവധി 14 നോട്ട് സ്പീഡ് ലഭ്യമാകും. IRS മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് ബോട്ടുകൾ രൂപകല്പന ചെയ്തിട്ടുള്ളത്. പ്രാഥമിക ചികിത്സ ലഭ്യമാക്കാൻ കഴിയുന്ന മെഡിക്കൽ ഉപകരണങ്ങളും മരുന്നുകളും ഒരുക്കിയിട്ടുള്ള ആംബുലൻസിൽ 24 മണിക്കൂറും പാരാമെഡിക്കൽ സ്റ്റാഫിന്റെ സേവനം ലഭ്യമാകുന്നുണ്ട്. ഇവയുടെ സേവനം അടിയന്തിര ഘട്ടങ്ങളിൽ മേൽപ്പറഞ്ഞ ജില്ലകളുടെ സമീപ ജില്ലകളിലേക്കും ലഭ്യമാക്കുന്നുണ്ട്.<br>തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മറൈൻ ആംബുലൻസുകൾക്ക് പുറമേ 9 തീരദേശ ജില്ലകളിലും രക്ഷാബോട്ടുകൾ ഫിഷറീസ് വകുപ്പ് വാടകയ്ക്ക് എടുത്ത് കടൽ രക്ഷാ പ്രവർത്തനത്തിനും കടൽ പട്രോളിംഗിനുമായി 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്നുണ്ട്.<br>കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40,000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2017-18 മുതൽ 2022-23 വരെ 3001 GPS-ഉം 1132 ലൈഫ് |

| | | |
|---|---|---|
| | | ബൊയെകളും 66 എക്കോ സൗണ്ടറുകളും 64 ഡാറ്റും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ 660 GPS ഉം 836 VHF ഉം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടൽത്തീരത്ത് നിന്ന് 1500 കിലോമീറ്റർ വരെ അകലത്തിൽ വാർത്താവിനിമയം സാധ്യമാക്കുന്നതിന് ISRO വികസിപ്പിച്ചെടുത്ത നാവിക് ഉപകരണം 941 മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് വാർത്താ വിനിമയം സാധ്യമാക്കുന്നതിന് ഗുണഭോക്തൃ വിഹിതം അടച്ച 194 മത്സ്യത്തൊഴിലാളികൾക്ക് ഗ്ലോബൽ സാറ്റലൈറ്റ് ഫോൺ വിതരണം ചെയ്തിട്ടുണ്ട്. കേന്ദ്ര കാലാവസ്ഥ കേന്ദ്രത്തിന്റെ മുന്നറിയിപ്പുകൾ അതിവേഗം മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണുകളിൽ എത്തിക്കുന്നതിന് INCOIS നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിനായി 145778 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പറുകൾ INCOIS-ന് കൈമാറിയിട്ടുണ്ട്. കടലിൽ പോകുകയും തിരികെ വരുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ വിവരം രേഖപ്പെടുത്തുന്നതിനായി മത്സ്യബന്ധന വകുപ്പ് നാഷണൽ ഇൻഫോർമാറ്റിക് സെന്ററുമായി ചേർന്ന് "സാഗര" എന്ന ഒരു മൊബൈൽ ആപ്ലിക്കേഷന് രൂപം കൊടുത്ത് മത്സ്യമേഖലയിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. നാളിതുവരെ 17038 യാനങ്ങളുടെയും 11627 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പർ ഉൾപ്പെടെയുള്ള മുഴുവൻ വിവരങ്ങളും സാഗരയിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. അടിയന്തര സന്ദർഭങ്ങളിൽ തീരക്കടലിൽ മുന്നറിയിപ്പുകൾ നൽകാനും സാഗര മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗപ്പെടുത്താൻ കഴിയും. കടൽ സുരക്ഷയുമായി ബന്ധപ്പെട്ട കാലാവസ്ഥ മുന്നറിയിപ്പുകൾ യഥാസമയം |

| | | |
|---|---|---|
| | | മത്സ്യത്തൊഴിലാളികൾക്കെത്തിച്ച് കൊടുക്കുക, വിവിധ ഏജൻസികളെ കോർത്തിണക്കിക്കൊണ്ട് രക്ഷാ പ്രവർത്തനം ഏകോപിപ്പിക്കുക എന്നിവ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഫിഷറീസ് ഡയറക്ടറേറ്റ് തലത്തിൽ ഒരു മാസ്റ്റർ കൺട്രോൾ റൂമും, വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 3 റീജിയണൽ കൺട്രോൾ റൂമുകളും ഫിഷറീസ് വകുപ്പിന്റെ കീഴിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി കേരളത്തിലെ തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിൽ കടൽ രക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. 60 മത്സ്യഗ്രാമങ്ങളിലും കൂടി 300 യാനങ്ങളും ഒരു യാനത്തിൽ3 തൊഴിലാളികൾ എന്ന കണക്കിന് 900 മത്സ്യത്തൊഴിലാളികളും കടൽ രക്ഷാ സ്ക്വാഡിൽ ഉൾപ്പെടുന്നു. കടൽ രക്ഷാ സ്ക്വാഡിലെ അംഗങ്ങളെ ഗോവയിലെ കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് കടൽ രക്ഷാ പ്രവർത്തനങ്ങളിലും പവർ ബോട്ട് കൈകാര്യം ചെയ്യുന്നതിലും 15 ദിവസത്തെ പരിശീലനം നൽകി വരുന്നുണ്ട്.<br>(14.08.2024-ലെ സമിതി യോഗം പരിഗണിക്കുകയും കടൽ സുരക്ഷ സംബന്ധിച്ച് തെളിവെടുപ്പ് നടത്തുകയും ഇത് സംബന്ധിച്ച് സ്പെഷ്യൽ റിപ്പോർട്ട് തയ്യാറാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.) |
| 5 | ഫിഷറീസ് സ്കൂളുകളിലെ സൗജന്യ ഭക്ഷ്യകിറ്റ് വിതരണം പുനഃസ്ഥാപിക്കുക.<br>ഖണ്ഡിക 9 (vi) | മത്സ്യബന്ധന തുറമുഖ(സി) വകുപ്പ്,<br>(31-01-2025-ലെ സി2/426/2023/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>ഫിഷറീസ് വകുപ്പിന് കീഴിലുള്ള GRFTHS കളിൽ സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം നടത്തിയിട്ടില്ല. എന്നാൽ സൗജന്യ മെസ്സ് സൗകര്യം നൽകിവരുന്നുണ്ട്. ഫിഷറീസ് വകുപ്പിന് കീഴിലെ 10 ജി. ആർ. എഫ്. ടി. എച്ച്.എസ്. -കളിൽ മെസ്സ് അലവൻസ് ഇനത്തിൽ 2023-24 വർഷത്തിൽ |

| | | |
|---|---|---|
| | | ഓരോ വിദ്യാർത്ഥിക്കും പ്രതിമാസം 3,000/- രൂപ വീതം അനുവദിച്ചിരുന്നു.<br>(07.04.2025-ലെ സമിതി യോഗം അംഗീകരിച്ചു.) |
| 6 | മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും എല്ലാ തൊഴിലാളികളെയും അതിൽ അംഗങ്ങളാക്കാനും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ തൊഴിലുപകരണങ്ങൾ ഉൾപ്പെടെ സംഘങ്ങൾ മുഖാന്തിരം നൽകാനും നടപടികൾ സ്വീകരിക്കുക.<br>ഖണ്ഡിക 9 (vii) | മത്സ്യബന്ധന തുറമുഖ(ബി) വകുപ്പ്<br>(05-04-2024-ലെ ബി1/183/2023/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br><br>പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി 1984 മാർച്ച് 19 ന് രൂപീകൃതമായ മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളുടെ അപെക്സ് സംഘം എന്ന നിലയിൽ മത്സ്യത്തൊഴിലാളികളെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും രക്ഷപ്പെടുത്തുന്നതിനും മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥാവകാശം നേടിയെടുക്കുന്നതിനുമായി ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടു കൂടി വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴിയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. മത്സ്യഫെഡ് മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>**1. ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി)**<br>മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം |

| | | |
|---|---|---|
| | | ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകി വരുന്നു. മത്സ്യബന്ധന ഉപകരണ വായ്പാ പദ്ധതി, പലിശ രഹിത വായ്പാ പദ്ധതിയായിട്ടാണ് 2018-19 വർഷം മുതൽ നടപ്പിലാക്കി വരുന്നത്. മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾ പിടിച്ചു കൊണ്ടു വരുന്ന മത്സ്യത്തിന് ന്യായ വില ഉറപ്പാക്കുവാൻ സംഘങ്ങളിൽ തീരദേശ ലേലം നടപ്പിലാക്കി വരുന്നു. മത്സ്യലേലം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ഗ്രൂപ്പുകളെ തീരദേശ ലേല സമ്പ്രദായത്തിൽ കൊണ്ടു വരുന്നതിനുമായി ഐ.എഫ്.ഡി.പി പദ്ധതിയിൽ സംഘങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ നൽകി വരുന്നു. 2022-23 സാമ്പത്തിക വർഷം വരെ ഈ പദ്ധതിയിൽ നിന്നും 601.7 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. 23-ാമത് ഐ.എഫ്.ഡി.പി പദ്ധതി നടപ്പാക്കുന്നതിലേയ്ക്ക് 47.46 കോടി രൂപയുടെ പ്രൊപ്പോസൽ ദേശീയ സഹകരണ വികസന കോർപ്പറേഷന് സമർപ്പിച്ചിട്ടുണ്ട്. തുക ലഭ്യമാകുന്നതിന് താമസം നേരിട്ട സാഹചര്യത്തിൽ മത്സ്യഫെഡിന്റെ തനത് ഫണ്ടിൽ നിന്നും 1513.08 കോടി രൂപ മത്സ്യബന്ധന ഉപകരണ വായ്പയായി സംഘങ്ങൾക്ക് 2023-24 വർഷം നൽകിയിട്ടുണ്ട്.<br>**2. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടിയുള്ള വായ്പ പദ്ധതികൾ**<br>a) ടേം വായ്പകൾ<br>മത്സ്യത്തൊഴിലാളി മേഖലയിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ടേം വായ്പകൾ നൽകി വരുന്നു. മത്സ്യബന്ധന ഉപകരണങ്ങൾ |

| | | |
|---|---|---|
| | | വാങ്ങുന്നതിനുള്ള വായ്പ പലിശരഹിതമായി 3 വർഷ കാലാവധിയിൽ നൽകുന്നു. സ്വയം തൊഴിൽ സംരംഭങ്ങൾക്ക് നൽകുന്ന വായ്പ 6 ശതമാനം പലിശ നിരക്കിൽ 5 വർഷം കാലാവധിയിൽ വിതരണം ചെയ്തു വരുന്നു.<br>b. മൈക്രോഫിനാൻസ് വായ്പ<br>പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.എം.ഡി.എഫ്.സി-യുടെ ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തു വരുന്നു. ഒരാൾക്ക് പരമാവധി 60,000/- രൂപ വരെ 5% പലിശ നിരക്കിൽ 2 വർഷത്തെ തിരിച്ചടവ് കാലവധിയിൽ നൽകുന്നു.<br><br>c. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പ പദ്ധതി<br>ഈ പദ്ധതി വഴി മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തു വരുന്നു. ആദ്യ വായ്പ 10,000/- രൂപ ഒരു വർഷ കാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർ വായ്പയായി 20,000/- രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു. പലിശ രഹിത വായ്പ വിതരണത്തിനാവശ്യമായ വായ്പ തുക<br>പദ്ധതികൾ വഴി വായ്പ എടുക്കുന്ന ഗുണഭോക്താക്കൾക്ക് വായ്പാ തുകയുടെ 0.35% തുക (മിനിമം 100/- രൂപ) വായ്പയെടുക്കുമ്പോൾ ഈ സ്കീമിലേക്ക് വിഹിതമായി അടയ്ക്കേണ്ടതാണ്. മരണമടയുകയോ മാരകമായ രോഗത്തിന് അടിമപ്പെടുകയോ ചെയ്ത് ഗുണഭോക്താക്കളുടെ ബാക്കി നിൽക്കുന്ന വായ്പാ തുക പൂർണ്ണമായും ഒഴിവാക്കി കൊടുക്കുന്ന ഈ സ്കീം അവരുടെ കുടുംബങ്ങൾക്ക് വളരെയേറേ ഉപകാരപ്രദമാണ്.<br>**3. വലകൾക്കുള്ള സബ്സിഡി പദ്ധതി**<br>പ്രാഥമിക സഹകരണ സംഘങ്ങളിലെ |

| | | |
|---|---|---|
| | | അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് 10 എച്ച്. പി യിൽ താഴെയുള്ള എഞ്ചിനുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന യൂണിറ്റുകൾക്ക് വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളിക്ക് വലയുടെ വിലയുടെ 25% പരമാവധി 10,000/രൂപ വരെ സബ്സിഡി നൽകി വരുന്നു.<br>**4. നാടൻ വള്ളങ്ങളുടെ നവീകരണം –**<br>പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് 10 എച്ച്.പി. യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്നതിന് ഈ പദ്ധതി പ്രകാരം എഞ്ചിനെ വിലയുടെ 20% പരമാവധി 30,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു.<br>**5. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി**<br>മത്സ്യബന്ധന ഉപകരണങ്ങൾക്ക് അപകടം പ്രകൃതിക്ഷോഭം എന്നിവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിന് വേണ്ടി മത്സ്യഫെഡ് നേരിട്ട് നടത്തുന്ന ഉപകരണ സുരക്ഷ പദ്ധതിയാണിത്.<br>**6. പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതി (PMMSY)**<br>പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയിൽ 200 മറൈൻ പ്ലൈവുഡ് വള്ളങ്ങൾക്ക് പകരം ഫൈബർ ഗ്ലാസ്സ് വള്ളങ്ങൾ നൽകുന്നതിന് 4 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതി നടപ്പിലാക്കി. പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയിൽ 100 ഗ്രൂപ്പുകൾക്ക് വള്ളം, വല, എഞ്ചിൻ എന്നിവയ്ക്കായി 5 ലക്ഷം രൂപ വീതം നൽകുന്നതിനുള്ള 5 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതി 60% വായ്പയോടും 40% സബ്സിഡിയായും നാളിതുവരെ 34 എഫ്.ആർ.പി യൂണിറ്റുകൾക്കായി 65.93 ലക്ഷം രൂപ വിതരണം ചെയ്തു.<br>**7. മത്സ്യത്തൊഴിലാളികളുടെ വായ്പയിൻമേൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**<br>മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് വഴി നൽകിയിട്ടുള്ള വായ്പകളിൽ മേൽ 31/03/2020 |

| | | |
|---|---|---|
| | | വരെ കുടിശ്ശിക നിൽക്കുന്ന പലിശ, പിഴപ്പലിശ ഒഴിവാക്കി മുതൽ മാത്രം അടച്ചുകൊണ്ട് വായ്പ കണക്ക് തീർപ്പാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വിവിധ ജില്ലകളിൽ നടപ്പിലാക്കി വരുന്നു.<br>**8.സഹകരണ സംഘങ്ങളുടെ ശാക്തീകരണം**<br>അനുയോജ്യമായ പദ്ധതികൾ മുഖേന സംഘങ്ങൾക്ക് വരുമാന വർദ്ധനവ് ലക്ഷ്യമാക്കിയും പ്രവർത്തന ക്ഷമത കുറഞ്ഞ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തി മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെയ്ക്കുന്നതിനും ലക്ഷ്യമിട്ട് മത്സ്യഫെഡ് നടപ്പിലാക്കി വരുന്ന നൂതനപദ്ധതിയാണ് സംഘം ശാക്തീകരണപദ്ധതി. ഇതിൽ 41 സംഘങ്ങൾക്ക് 159 ലക്ഷം രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്.<br>**9. ആഴക്കടൽ മത്സ്യബന്ധന പദ്ധതി**<br>പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തമാക്കുന്നതിന് പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സംസ്ഥാന സബ്സിഡിയോടു കൂടി 10 ആഴക്കടൽ മത്സ്യബന്ധന യൂണിറ്റുകൾ പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾക്ക് നൽകുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 150 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ഈ പദ്ധതിയിൽ 5 ആഴക്കടൽ യൂണിറ്റുകൾ വിതരണം ചെയ്തു കഴിഞ്ഞു. അവശേഷിക്കുന്ന 5 യൂണിറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>**10. സഹകരണ സംഘങ്ങൾ മുഖാന്തിരം നടപ്പിലാക്കുന്ന തീരദേശ മത്സ്യലേലം**<br>മത്സ്യത്തൊഴിലാളികൾ പിടിച്ച് കൊണ്ടു വരുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കുവാൻ സംഘങ്ങൾ ലേലം നടത്തുന്നതുവഴി മത്സ്യത്തിന് മെച്ചപ്പെട്ട വില ലഭിക്കുന്നു. 2022-23 സാമ്പത്തിക വർഷം 461 കോടി രൂപയുടെ മത്സ്യം ലേലം ചെയ്തു. ലേല തുകയുടെ 1% തുക ലേല കമ്മീഷൻ ഇനത്തിൽ സംഘങ്ങൾക്ക് ലഭിക്കുന്നുണ്ട്. |

| | | |
|---|---|---|
| | | **11. സഹകരണ സംഘങ്ങളെ ഫിഷ് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷനുകൾ ആക്കുന്ന പദ്ധതി**<br>2023-24 സാമ്പത്തിക വർഷത്തിൽ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി എൻ.സി.ഡി.സി മാനദണ്ഡങ്ങൾ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഫിഷ് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷനുകൾ ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br>(14.08.2024-ലെ സമിതി യോഗം അംഗീകരിച്ചു) |
| 8 | അർഹരായ മത്സ്യത്തൊഴിലാളികളെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുക<br>ഖണ്ഡിക 9 (viii) | ഭക്ഷ്യപൊതുവിതരണ(ബി) വകുപ്പ്.<br>(30.10.2023-ലെ ഭ.പൊ.വി.വ-ബി3/269/2023-ഭ.പൊ.വി.വ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയത്)<br><br>ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് പൊതുവിതരണ സമ്പ്രദായത്തിൽ ബി.പി.എൽ/എ.പി.എൽ വിഭാഗങ്ങൾക്കു പകരമായി മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളാണ് നിലവിലുള്ളത്. റേഷൻ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി നിലവിലുള്ള മാനദണ്ഡം സംബന്ധിച്ച 18.09.2017 -ലെ സ.ഉ.(സാധാ)നം.320/2017/ഭ.പൊ.വി.വ പ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്ത പരമ്പരാഗത/ അസംഘടിത തൊഴിലാളികളുടെ കുടുംബങ്ങളെ മുൻഗണനയിൽ ഉൾപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുള്ളതനുസരിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങൾ മുൻഗണനയിൽ ഉൾപ്പെട്ടുവരുന്നതാണ്. മാത്രമല്ല ഏതെങ്കിലും ഒഴിവാക്കൽ മാനദണ്ഡങ്ങൾ പ്രകാരം മുൻഗണനേതര വിഭാഗത്തിൽ ഉൾപ്പെട്ടും എന്നാൽ ഗുരുതര രോഗബാധ, ഭിന്നശേഷി, സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ |

| | | |
|---|---|---|
| | | പരിഗണനീയ കാരണങ്ങളാൽ മുൻഗണനയിൽ ഉൾപ്പെടാൻ യോഗ്യമാണെന്ന് ബോധ്യപ്പെടുന്നതുമായ അപേക്ഷകൾ പരിഗണിച്ച് ഉചിത തീരുമാനമെടുക്കുന്നതിന് 27.10.2020-ലെ സ.ഉ(സാധാ) നം.319/2020/ഭ.പൊ.വി.വ പ്രകാരം പൊതുവിതരണഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. അതുപ്രകാരം അർഹരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ റേഷൻ മുൻഗണനയിൽ ഉൾപ്പെട്ടു വരുന്നതാണ്.<br>(11.01.2024-ലെ സമിതി യോഗം അംഗീകരിച്ചു) |
| 9 | നിലവിൽ വകുപ്പിന്റെ ഫണ്ടിൽ നിന്നും ഭൂരിഭാഗം തുകയും മത്സ്യകൃഷിക്കുവേണ്ടി ഉപയോഗിക്കുന്നതിനാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികൾക്കായുള്ള തുക കുറയുന്നു. ആയതിനാൽ മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾക്ക് കൂടുതൽ പ്രാധാന്യം നൽകി നടപ്പിലാക്കുക.<br>ഖണ്ഡിക 9 (ix) | മത്സ്യബന്ധന തുറമുഖ(ബി) വകുപ്പ്<br>(13-02-2024-ലെ ബി3/264/2023/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>വകുപ്പിന്റെ ഫണ്ടിൽ നിന്നും പ്രത്യേകം പ്രാധാന്യം നൽകി മത്സ്യകൃഷിക്കും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികൾക്കായും മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായും തുക വിനിയോഗിച്ചു വരുന്നു.<br>(14.08.2024-ലെ സമിതി യോഗം അംഗീകരിച്ചു) |
| 10 | ലൈഫ് പദ്ധതി പ്രകാരം വീട് നിർമിച്ചു നൽകുന്നതിൽ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കുക.<br>ഖണ്ഡിക 9 (x) | മത്സ്യബന്ധന തുറമുഖ(സി) വകുപ്പ്<br>(31-01-2025-ലെ സി2/426/2023/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>ഫിഷറീസ് വകുപ്പിൽ നിന്നും നൽകിയ മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട ഭൂമിയുള്ള ഭവന രഹിതരുടെയും ഭൂരഹിത ഭവനരഹിതരുടെയും പട്ടികകൾ ലൈഫ് മാനദണ്ഡപ്രകാരം പരിശോധിച്ച് 06/09/2019 തീയതിയിലെ സ.ഉ (സാധാ) നം. 1946/2019/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അന്തിമമാക്കുകയും അർഹരായ ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കരാറിലേർപ്പെട്ട് ഭവന നിർമ്മാണാനുകല്യങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ |

| | | |
|---|---|---|
| | | വിഭാഗത്തോടൊപ്പം മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കും ലൈഫ് ഭവന പദ്ധതിയിൽ ഈ ഉത്തരവ് പ്രകാരം പരിഗണന നൽകിയിട്ടുണ്ട്.<br>കൂടാതെ ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി/ പട്ടികവർഗ്ഗ/മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പ്രത്യേക പരിഗണന നൽകി ഭവന നിർമ്മാണ ആനുകൂല്യം നൽകുന്നതിന് 15/11/2022 തീയതിയിലെ (സാധാ)നം.2806/2022/ത.സ്വ.ഭ.വ പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>(07.04.2025-ലെ സമിതി യോഗം അംഗീകരിച്ചു) |

## ഭാഗം II

## തുടർശിപാർശ

| സമിതി ശിപാർശ | സ്വീകരിച്ച നടപടി |
|---|---|
| മഞ്ചേശ്വരത്ത് ഒരു തീരദേശ രക്ഷാബോട്ട് അനുവദിക്കുന്നതിനും ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുക.<br>ഖണ്ഡിക 9(iv) | മത്സ്യബന്ധന തുറമുഖ(ബി) വകുപ്പ്<br>(13-02-2024-ലെ ബി3/264/2023/മതുവ നമ്പർ കത്ത് മുഖേന ലഭിച്ചത്)<br>കാസർഗോഡ് ജില്ലയിൽ കടൽ പട്രോളിംഗിനും കടൽ രക്ഷാ പ്രവർത്തനങ്ങൾക്കുമായി നിലവിൽ ഒരു ബോട്ട് വാടകയ്ക്ക് എടുത്ത് പ്രവർത്തിപ്പിക്കുന്നുണ്ട്. കീഴൂർ ഫിഷറിസ് സ്റ്റേഷന്റെ നിയന്ത്രണത്തിലാണ് ബോട്ട് പ്രവർത്തിക്കുന്നത്. ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനോ, ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനോ അപേക്ഷ നൽകാവുന്നതാണ്.<br>(14.08.2024-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും തുടർ ശിപാർശ നൽകുകയും ചെയ്തു.) |

| | |
|---|---|
| <u>തുടർശിപാർശ</u><br>മഞ്ചേശ്വരം തീരപ്രദേശത്ത് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി എം.പി./എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് തുടർനടപടി സ്വീകരിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിനോട് ശിപാർശ ചെയ്തു. | <u>തദ്ദേശ സ്വയംഭരണ വകുപ്പ്</u><br><br>തുടർശിപാർശയിന്മേൽ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

തിരുവനന്തപുരം
2026 ഫെബ്രുവരി 3

പി.പി. ചിത്തരഞ്ജൻ,
ചെയർപേഴ്സൺ,
മത്സ്യത്തൊഴിലാളികളുടെയും
അനുബന്ധ തൊഴിലാളികളുടെയും
ക്ഷേമം സംബന്ധിച്ച സമിതി.

FandP-PS1/179/2023-FandP

ഉ.(സാധാ) No.484/2023/F&P

നം.484/2023/F&P

അനുബന്ധം

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

മത്സ്യബന്ധന വകുപ്പ് - നിയമസഭാ സമിതികളുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ, ഹർജികൾ, പഴയ നിയമസഭാ ചോദ്യങ്ങൾ, C&AG റിപ്പോർട്ടുകൾ എന്നിവയിന്മേൽ കൃത്യമായി നടപടി റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിലേയ്ക്കായി സെക്രട്ടറിയേറ്റിലെ മത്സ്യബന്ധന വകുപ്പിലും മത്സ്യബന്ധന ഡയറക്ടറേറ്റിലും, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലും നോഡൽ ഓഫീസർമാരെ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

മത്സ്യബന്ധന തുറമുഖ (പാർലമെന്ററി) വകുപ്പ്

സ.ഉ.(സാധാ) നം.484/2023/F&P തീയതി,തിരുവനന്തപുരം, 21-06-2023

## ഉത്തരവ്

വിവിധ നിയമസഭാ സമിതികളുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ, ഹർജികൾ, പഴയ നിയമസഭാ ചോദ്യങ്ങൾ, C&AG റിപ്പോർട്ടുകൾ, അക്കൗണ്ടന്റ് ജനറലുമായി ബന്ധപ്പെട്ട ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ എന്നിവയിന്മേലുള്ള മറുപടികൾ/നടപടി റിപ്പോർട്ടുകൾ ഇനിയും ലഭ്യമാക്കുവാൻ അവശേഷിക്കുന്നുണ്ട്. നടപടി റിപ്പോർട്ടുകൾ സമയബന്ധിതമായി നിയമസഭാ സെക്രട്ടേറിയേറ്റിനും, അക്കൗണ്ടന്റ് ജനറലിനും, ധനകാര്യ വകുപ്പിനും ലഭ്യമാക്കേണ്ടതിനാൽ ഇക്കാര്യത്തിൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി സെക്രട്ടറിയേറ്റിലെ മത്സ്യബന്ധന വകുപ്പിലും മത്സ്യബന്ധന ഡയറക്ടറേറ്റിലും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലും താഴെ പറയും പ്രകാരം നോഡൽ ഓഫീസർമാരെ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം | വകുപ്പ് | പേര് | ഔദ്യോഗിക പേര് | മെയിൽ ഐഡി | മൊബൈൽ നം. |
|---|---|---|---|---|---|
| 1 | സെക്രട്ടേറിയറ്റ് | ശ്രീമതി. ശ്രീദേവി. ഐ.ബി. | അണ്ടർ സെക്രട്ടറി | fisheriesps@gmail.com | 9497783649 |
| 2 | മത്സ്യബന്ധന ഡയറക്ടറേറ്റ് | ശ്രീ. താജുദ്ദീൻ | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ് | ddfmev1020@gmail.com | 9447701521 |
| 3 | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് | ശ്രീമതി. ബിന്ദു വർഗീസ് | സീനിയർ സൂപ്രണ്ട് | bindhuvarghese1976@gmail.com | 9446246330 |

നടപടി റിപ്പോർട്ടുകൾ അടിയന്തരമായി സർക്കാരിൽ ലഭ്യമാക്കുന്നതിന് നോഡൽ ഓഫിസർമാർ നടപടി സ്വീകരിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ നോഡൽ ഓഫിസർമാർക്ക് സ്ഥലംമാറ്റം ഉണ്ടാകുന്നപക്ഷം പുതുതായി വരുന്ന ഉദ്യോഗസ്ഥൻ പ്രസ്തുത ജോലി നിർവ്വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടി എസ് പ്രവീൺ കുമാർ
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്
ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
ശ്രീമതി. ശ്രീദേവി. ഐ.ബി , അണ്ടർ സെക്രട്ടറി
ശ്രീ. താജുദ്ദീൻ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്
ശ്രീമതി. ബിന്ദു. എസ്.എസ്, സീനിയർ സൂപ്രണ്ട്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
അണ്ടർ സെക്രട്ടറി- II
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്&എ&ഇ), കേരള, തിരുവനന്തപുരം
മൽസ്യബന്ധന (എ,ബി,സി, പി .എസ് ) വകുപ്പ്
പകർപ്പ്

മൽസ്യബന്ധന പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്
മൽസ്യബന്ധന വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിസ്ക്ക്

ഉത്തരവിൻ പ്രകാരം
Signed by
Sheeba M
സെക്ഷൻ ഓഫീസർ
Date: 21-06-2023 10:55:33